*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

171st Issue - Volume 5, No. 5 ജാഗ്രത 11th February 2011

"ഞാൻ നിങ്ങളോടു പറയുന്നു: എന്തു ഭക്ഷിക്കും, എന്തു പാനം ചെയ്യും എന്നു ജീവനെക്കുറിച്ചോ എന്തു ധരിക്കും എന്നു ശരീരത്തെക്കുറിച്ചോ നിങ്ങൾ ഉത്കണ്ഠാകുലരാകേണ്ട. ഭക്ഷണത്തേക്കാൾ ജീവനും വസ്ത്രത്തേക്കാൾ ശരീരവും ശ്രേഷ്ഠമല്ലേ?"

(മത്തായി 6:25)



SAINT PASCAL BAYLON

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## പ്രധാന വാർത്തകൾ

കത്തോലിക്കനും ആദിവാസിയുമായ ദിലീപ് ടിർക്കി ഒറീസയിലെ 'ഏറ്റവും ഉന്നത വ്യക്തിത്വം'

---

ദിവ്യസന്ദർശനത്തിന്റെ നിറവാർന്ന ഓർമയിൽ

---

എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവർ:
ഡോ.സൂസാപാക്യം

---

വാരാന്ത്യവീക്ഷണം

അക്രമങ്ങൾ കേവലം വാർത്തക്കാഴ്ചകളായി മാറുന്നുവോ?

### കത്തോലിക്കനും ആദിവാസിയുമായ ദിലീപ് ടിർക്കി ഒറീസയിലെ 'ഏറ്റവും ഉന്നത വ്യക്തിത്വം'

ഇന്ത്യൻ ഹോക്കി ടീമിന്റെ മുൻ ക്യാപ്റ്റനും കത്തോലിക്കാസഭാംഗവുമായ ദിലീപ് ടിർക്കി ഒറീസ്സയിലെ ഏറ്റവും ഉന്നത വ്യക്തിത്വമായി തിരഞ്ഞെടുക്കപ്പെട്ടു. മുപ്പത്തിമൂന്നുകാരനായ ദിലീപ് ടിർക്കിയ്ക്ക് ഫെബ്രുവരി 5-ാം തീയതിയാണ് മുഖ്യമന്ത്രി നവീൻ പട്നായിക് പ്രിയ ഓഡിയ - 2010 (ഒറീസ്സയിലെ ഏറ്റവും ഉന്നത വ്യക്തിത്വം) അവാർഡ് നൽകിയത്. രാഷ്ട്രീയക്കാരും സിനിമാതാരങ്ങളും ക്രിക്കറ്റ് കളിക്കാരും കലാകാരൻമാരും സാഹിത്യകാരൻമാരും അടങ്ങുന്നവരുടെ ലിസ്റ്റിൽനിന്നാണ് ജനങ്ങളിൽ നിന്നും ലഭിച്ച വോട്ടിന്റെ അടിസ്ഥാനത്തിൽ ദിലീപ് ഈ അവാർഡിന് അർഹനായത്. ഈ അവാർഡ് ആദ്യം ലഭിച്ചത് ഒറീസ മുഖ്യമന്ത്രിയ്ക്കു തന്നെയാണ്.

സാമൂഹ്യപ്രവർത്തകനായ ബിമല കുജൂർ ആദിവാസി സമൂഹത്തിന്റെ അഭിമാന നിമിഷമായിട്ടാണ് ഈ അവാർഡ് ദാനത്തെ വിശേഷിപ്പിച്ചത്. "വർഗ്ഗീയ അസ്വാരസ്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒറീസയിൽ അതിർവരമ്പുകളെ അതിലംഘിക്കുന്ന വ്യക്തിയായും പാർശ്വവത്കരിക്കപ്പെട്ടവരെ ബന്ധിപ്പിക്കുന്ന പാലമായും ദിലീപ് ടിർക്കി മാറിയിരിക്കുന്നു" വെന്ന് ബിമല സാക്ഷ്യപ്പെടുത്തുന്നു.

മൂന്ന് ഒളിമ്പിക്സിലും മൂന്ന് ലോകകപ്പിലും പങ്കെടുത്ത ഇന്ത്യൻ ടീമിൽ അംഗമായിരുന്നു ടിർക്കി; ഏഴു വർഷം ഇന്ത്യൻ ക്യാപ്റ്റനും. രാജ്യം അദ്ദേഹത്തെ പത്മശ്രീ പുരസ്ക്കാരം നൽകി ആദരിച്ചിട്ടുണ്ട്. ഹോക്കി കളിക്കാർക്കു മാത്രമല്ല കത്തോലിക്കാവിശ്വാസികൾക്കും എന്നും വി. കുർബ്ബാനയിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുന്ന ദിലീപ് ടിർക്കി മാതൃകയാണെന്ന് അദ്ദേഹത്തിന്റെ പേരിലുള്ള ട്രസ്റ്റിന്റെ തലവനായ ഫാ. ഡിബാക്കർ സാക്ഷ്യപ്പെടുത്തുന്നു.

### ദിവ്യസന്ദർശനത്തിന്റെ നിറവാർന്ന ഓർമയിൽ

മലയാളമണ്ണിലേക്ക് ആദ്യമായൊരു മാർപാപ്പയെത്തിയ ആ സുദിനത്തിന്റെ ഹൃദ്യസ്മരണയുടെ നിറവിലായിരുന്നു കൊച്ചി നഗരം. കേരള കത്തോലിക്കസഭാചരിത്രത്തിലെ നിർണായക അധ്യായമായ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കേരളസന്ദർശനത്തിനൊപ്പം ചേർത്തു വായിക്കപ്പെടും ഇരുപത്തിയഞ്ചു വർഷങ്ങൾക്കിപ്പുറമുള്ള പകൽ. കേരളം സന്ദർശിച്ച ഏക മാർപാപ്പയായ ജോൺ പോൾ രണ്ടാമന്റെ ഭാരത സന്ദർശനത്തിന്റെ രജതജൂബിലിയാചരണം കേരളത്തിലെ സീറോ മലബാർ, ലത്തീൻ, സീറോ മലങ്കര സഭാതലവന്മാരുടെയും വിശ്വാസികളുടെയും സമാനതകളില്ലാത്ത ആഹ്ളാദത്തിന്റെ ആവിഷ്കാരമായി. ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ പ്രത്യേക പ്രതിനിധി കർദിനാൾ മർഫി ഓകോണർ, ഭാരതത്തിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് സാൽവത്തൊരെ പെനാക്കിയോ, ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് എന്നിവർക്കൊപ്പം കേരളത്തിലെ മൂന്നു സഭകളിലെയും മെത്രാന്മാരും വൈദികരും വിശ്വാസികളും പരിപാടിയിൽ പങ്കെടുക്കാനെത്തി. എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ കെസിബിസിയുടെ ആഭിമുഖ്യത്തിലാണു രജതജൂബിലി ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പ്രബോധനങ്ങളുടെ വെളിച്ചത്തിൽ കേരളത്തിലെ കുടുംബങ്ങൾ -ഒരു വിലയിരുത്തൽ എന്ന സെമിനാറോടെയാണു പരിപാടികൾക്കു തുടക്കമായത്. എറണാകുളം -അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. എഡിജിപി അലക്സാണ്ടർ ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. കേരളത്തിലെ 30 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. നാലിനു വരാപ്പുഴ അതിരൂപത ആസ്ഥാന മന്ദിരത്തിൽനിന്നു കർദിനാൾ ഡോ. മർഫി ഒക്കോണർ, ആർച്ച്ബിഷപ് ഡോ. സാൽവത്തൊരെ പെനാക്കിയോ, കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് എന്നിവരെ ഘോഷയാത്രയായി സെന്റ് മേരീസ് ബസിലിക്കയിലേക്ക് ആനയിച്ചു. മൂന്നു റീത്തുകളിലെയും അഞ്ഞൂറോളം വൈദികർ, മോൺസിഞ്ഞോർമാർ, ബിഷപ്പുമാർ, ആർച്ച് ബിഷപ്പുമാർ എന്നിവർ അണിനിരന്നു. ഏറ്റവും പിന്നിലായി കർദിനാൾ ഡോ. മർഫി ഒക്കോണർ നടന്നുനീങ്ങി. ഘോഷയാത്രയ്ക്ക് അകമ്പടിയായി

ബലൂണുകളും പൂക്കളുമായി കുട്ടികളും നിരന്നിരുന്നു. സെന്റ് മേരീസ് ബസിലിക്കയിൽ കർദിനാൾ ഡോ. മർഫി ഒക്കോണർ തിരിതെളിച്ചു. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ സ്വാഗതം ചെയ്തു.

ജൂബിലി ആചരണത്തിൽ പങ്കെടുക്കുന്നതിനു ബനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ പ്രതിനിധിയായി കർദിനാൾ മർഫി ഒക്കോണറെ നിയോഗിച്ചുകൊണ്ടുള്ള കത്ത് കർദിനാളിന്റെ സെക്രട്ടറി ഫാ. മാർട്ടിൻ കെല്ലി വായിച്ചു. കേരള സഭയ്ക്കുള്ള മാർപാപ്പയുടെ ഉപഹാരം കർദിനാൾ മർഫി ഒക്കോണർ കർദിനാൾ മാർ വർക്കി വിതയത്തിലിനു സമ്മാനിച്ചു. സീറോ മലങ്കര, സീറോ മലബാർ, ലത്തീൻ റീത്തുകളെ പ്രതിനിധീകരിച്ച് മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ, ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ എന്നിവരും ഉപഹാരങ്ങൾ ഏറ്റുവാങ്ങി. സിബിസിഐ പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ് ആമുഖപ്രഭാഷണം നടത്തി. തുടർന്നു കർദിനാൾ ഡോ. മർഫി ഒക്കോണറുടെ മുഖ്യകാർമികത്വത്തിൽ സമൂഹബലി അർപ്പിച്ചു. മൂന്നു റീത്തുകളിലെയും ആർച്ച്ബിഷപ്പുമാരും ബിഷപ്പുമാരും വൈദികരും സഹകാർമികരായി. കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നന്ദി പറഞ്ഞു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ സന്ദർശന വേളയിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയിൽ പാടിയ ലത്തീൻ, മലയാളം, ഇംഗ്ലീഷ് ഗാനങ്ങളാണു ജൂബിലിയാചരണത്തിലെ സമൂഹബലിയിലും ആലപിച്ചത്.

## എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവർ:

**ഡോ.സൂസാപാക്യം**



എല്ലാവരും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്നും ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഏറ്റവും കൂടുതൽ ആഗ്രഹിച്ചതും ലോകമെങ്ങും പോയി പ്രസംഗിച്ചതും വിശുദ്ധിക്കുവേണ്ടിയായിരുന്നെന്നും തിരുവനന്തപുരം ലത്തീൻ അതിരൂപതാ ആർച്ച്ബിഷപ് ഡോ. എം. സൂസാപാക്യം. ജോൺപോൾ രണ്ടാമൻ മാർപാപ്പ തിരുവനന്തപുരം സെന്റ് ജോസഫ്സ് കത്തീഡ്രൽ സന്ദർശിച്ചതിന്റെ 25-ാം വാർഷികദിനത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കിടെ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മാർപാപ്പയുടെ സന്ദർശനം അനുഭൂതി നൽകുന്നതായിരുന്നു. മാർപാപ്പയുമായി അടുത്ത ബന്ധമാണ് ഉണ്ടായിരുന്നത്. എല്ലാവർക്കും പ്രാപ്യമായ വ്യക്തിയായിരുന്നു അദ്ദേഹം. ആരേയും പേടിക്കാതെ ശക്തമായ സന്ദേശങ്ങളിലൂടെ തിന്മയെ എതിർക്കുകയും സുഹൃദജീവിതത്തെ പരിപോഷിപ്പിക്കുകയും ചെയ്തിരുന്നു. ജീവിതം അസ്വസ്ഥമാകാതിരിക്കണമെങ്കിൽ ഒന്നുമാത്രം മതി എന്ന് അദ്ദേഹം വിശ്വസിച്ചു. സ്വർഗസ്ഥനായ പിതാവ് പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുക എന്നാണ് യേശു പഠിപ്പിച്ചത്. അതുതന്നെയാണ് ജോൺപോൾ മാർപാപ്പയ്ക്കും പറയാനുണ്ടായിരുന്നത്. നമ്മെ വിശുദ്ധരാക്കാനാണ് യേശു ലോകത്തിലേക്ക് വന്നത്. മാർപാപ്പ കേരളത്തിൽ വന്നതും ഈ സന്ദേശവുമായിട്ടായിരുന്നു. 27 കൊല്ലം സഭയുടെ തലവനായിരുന്ന അദ്ദേഹം 1386 പേരെ വാഴ്ത്തപ്പെട്ടവരാക്കി. 482 പേരെ വിശുദ്ധരായി പ്രഖ്യാപിച്ചു. വിശുദ്ധിക്കുവേണ്ടി പ്രവർത്തിച്ച മാർപാപ്പ സ്വയം വിശുദ്ധനായിത്തീരുകയുമായിരുന്നു. വിശുദ്ധരെ കുറിച്ച് ഏറെ തെറ്റിധാരണകൾ ഉണ്ട്. സാധാരണക്കാർക്ക് വിശുദ്ധരാകാൻ കഴിയില്ല എന്നതാണ് ഒന്നാമത്തേത്. മനസുവച്ചാൽ എല്ലാവർക്കും വിശുദ്ധരാകാൻ കഴിയും. പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പും സാധാരണക്കാരായിരുന്നു. അത്ഭുതങ്ങൾ ഒന്നും അവർ പ്രവർത്തിച്ചില്ല. എന്നിട്ടും വിശുദ്ധരായി. വിശുദ്ധർ ലോകത്തിൽ സന്തോഷമില്ലാതെ ജീവിക്കുന്നവരാണ് എന്നതാണ് മറ്റൊരു തെറ്റിദ്ധാരണ. എന്നാൽ വിശുദ്ധരേപ്പോലെ ലോകത്തിൽ ഇത്രയധികം സന്തോഷം അനുഭവിക്കുന്നവർ വേറെയില്ല. ലോകത്തിന്റേതായ പലതും തേടി നടന്ന് ഉത്കണ്ഠപ്പെടുന്നവർക്ക് സന്തോഷവും സമാധാനവും ഇല്ല. ഏറ്റവും വലിയ സന്തോഷം യേശുവിൽ നിന്നുള്ളതാണ്. ദൈവം നമ്മെ വിളിച്ചിരിക്കുന്നത് വിശുദ്ധരാകാനാണ് എന്നും അദ്ദേഹം പറഞ്ഞു.

## അക്രമങ്ങൾ കേവലം വാർത്ത ക്കാഴ്ചകളായി മാറുന്നുവോ?

ഇന്ത്യയിലെ എല്ലാസംസ്ഥാനങ്ങളും സഞ്ചരിച്ചു മടങ്ങിയെത്തിയവർ ഓരോ സ്ഥലത്തെക്കുറിച്ചു നൽകിയ വിശദീകരണം വായിച്ചിട്ടുണ്ട്. അതിങ്ങനെയാണ്:

രണ്ടുപേർ വഴക്കുണ്ടാക്കുന്നു. അവിടേക്കു കടന്നു വരുന്നവർ ഇരുപക്ഷത്തുമായി ചേരുന്നു. അവർതമ്മിലും വഴക്കാകുന്നു.

സ്ഥലം കൽക്കട്ട

രണ്ടുപേർ വഴക്കുണ്ടാക്കുന്നു. അതു വഴി ആൾക്കാർ കടന്നുപോകുന്നു. ആരും വഴക്കടിക്കുന്നതു ശ്രദ്ധിക്കുന്നില്ല.

സ്ഥലം ബോംബെ

രണ്ടുപേർ വഴക്കടിക്കുന്നു. അതുവഴി പോകുന്നയാൾ അവരെ സാന്ത്വനപ്പെടുത്താൻ ശ്രമിക്കുന്നു. അപ്പോൾ വഴക്കുണ്ടാക്കിയ രണ്ടുപേരും ചേർന്ന് അയാളെ ആക്രമിക്കുന്നു.

സ്ഥലം ഡൽഹി

രണ്ടുപേർ വഴക്കുണ്ടാക്കുന്നു. അതു കാണാൻ ചെറിയ ഒരു ആൾക്കൂട്ടം രൂപപ്പെടുന്നു. അവിടെ ഒരാൾ ഓടിവന്ന് ഒരു ചെറിയ താല്ക്കാലിക ചായക്കട നടത്തുന്നു.

സ്ഥലം അഹമ്മദാബാദ്

രണ്ടുപേർ വഴക്കുണ്ടാക്കുന്നു. അതു കാണാൻ ചെറിയ ഒരു ആൾക്കൂട്ടം രൂപപ്പെടുന്നു. പോലീസെത്തുന്നു.പോലീസിനെതിരെ ഉന്തും തള്ളും. ലാത്തി ചാർജ്ജ്, കല്ലേറ്. രാഷ്ട്രീയക്കാർ ഇടപെടുന്നു. രാഷ്ട്രീയ സംഘർഷം. പിറ്റേന്ന് ഹർത്താൽ. സർക്കാർ അവധി.

സ്ഥലം തിരുവനന്തപുരം

ഏതു സംഭവത്തേയും സംഘർഷമാക്കുന്ന രാഷ്ട്രീയ മുതലെടുപ്പിന് അവസരമാക്കുന്ന കേരളത്തിലെ സാമൂഹ്യാവസ്ഥ പ്രസിദ്ധമാണ്. ഷൊർണ്ണൂരിൽ ട്രെയിനിൽനിന്നും തള്ളിയിടപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ദാരുണമായി കൊല ചെയ്യപ്പെടുകയും ചെയ്ത സൗമ്യയെന്ന പാവപ്പെട്ട പെൺകുട്ടിയുടെ മരണം കേരള സമൂഹത്തെ ഞെട്ടിച്ചു. എന്നാൽ അതിനോടുള്ള പ്രതികരണത്തിന് എത്രമാത്രം ആഴവും വ്യാപ്തിയുമുണ്ട് എന്ന് പരിശോധിക്കപ്പെടേണ്ടതാണെന്നു തോന്നുന്നു.

സംഭവത്തെക്കുറിച്ചു സൂചന നല്കിയ ടോമിയെന്ന യാത്രക്കാരൻ അക്രമം നടക്കുന്നുവെന്ന സൂചന കിട്ടിയപ്പോൾ തന്നെ വണ്ടിചങ്ങല വലിച്ചു നിർത്താതിരുന്നതും യാത്രക്കാരെ കൂട്ടി അക്രമിയെ നേരിടാതിരുന്നതും തന്നെ ആകുലപ്പെടുത്തുന്ന നിഷ്ക്രിയതയായി വെളിപ്പെടുത്തുന്നു കൂടെയുള്ള യാത്രക്കാർ തന്റെ നീക്കത്തെ നിരുത്സാഹപ്പെടുത്തുകയും പിന്തിരിപ്പിക്കുകയും ചെയ്തുവെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മലയാളികളുടെ പൊതുവായ പ്രശ്നങ്ങളിലുള്ള നിഷ്ക്രിയത്വവും ഭീരുത്വവുമാണ് ഇവിടെ വെളിപ്പെട്ടത്.

പ്രശ്നങ്ങളെ നേരിടുന്നതിനുപകരം പ്രശ്നങ്ങളിൽനിന്നും ഓടിയൊളിക്കുന്നരീതി നമ്മുടെ സാമൂഹ്യമനസ്സിനെ രോഗാതുരമാക്കിയിരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ രാഷ്ട്രീയ, വർഗ്ഗീയ, സാമൂഹ്യ അക്രമിസംഘങ്ങൾ നമ്മെ നിരന്തരമായി ഭീഷണിപ്പെടുത്തി തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നു. എതിർത്തു നില്ക്കാൻ ഞാൻ ആളല്ല എന്ന ചിന്തയാണ് നമ്മളെ ഭരിക്കുന്നത്. അങ്ങനെ എതിർത്തുനിന്നു പരാജയപ്പെട്ടാൽ നമ്മൾ അപഹാസ്യരായിതീരുമെന്ന ഭീരുത്വവും. അങ്ങനെ അക്രമത്തിനും അനീതിക്കും അഴിമതിയ്ക്കും മേല്ക്കൈയ്യ് ലഭിക്കുകയും ചെയ്യുന്നു.

ഭീരുത്വം വെടിഞ്ഞ് നിലപാടെടുക്കാനും പ്രവർത്തിക്കാനും നമ്മൾക്കെന്നു കഴിയുന്നുവോ അന്നു മാത്രമേ നമ്മൾക്ക് ഇതുപോലെയുള്ള അക്രമങ്ങളേയും ക്രൂരതകളേയും അമർച്ച ചെയ്യാൻ കഴിയൂ. കേവലം കൗതുകം പടർത്തുന്ന വാർത്തക്കാഴ്ചയായി അക്രമങ്ങൾ മാറാതിരിക്കട്ടെയെന്ന് ആശിക്കുന്നു.

**"Jagratha News"** - An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA